സ.ഉ.(കൈ) നം.144/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ലിക്വിഡേഷന് മുമ്പേ സെറിഫെഡിൽ പ്യൂൺ / ഹെൽപ്പർ തസ്തികയിൽ സേവനത്തിലിരിക്കവേ മരണപ്പെട്ട അബ്ദുൾ അസീസ് എം ന്റെ മകനായ ശ്രീ ഹൈദർ അലി എയ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.144/2023/LSGD തീയതി,തിരുവനന്തപുരം, 14-07-2023

---

പരാമർശം:-

1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.
2. GO(Ms) No. 58/2010/ID തീയതി 15.03.2010
3. 21.02.2018 — ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ
4. ശ്രീ. ഹൈദർ അലി എ.-യുടെ 27.06.2022 ലെ അപേക്ഷ
5. പഞ്ചായത്ത് ഡയറക്ടറുടെ 18.07.2022 ലെ PAN/9953/2022-E14(DP) നമ്പർ കത്ത്.
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 08.03.2023 ലെ DCTVM/11567/ 2022-S6 നം കത്ത്.

**ഉത്തരവ്**

പരാമർശം (2) ഉത്തരവ് പ്രകാരം സെറിഫെഡ് നിർത്തലാക്കുകയും ടി സ്ഥാപനത്തിലെ ജീവനക്കാരെ തദ്ദേശസ്വയംഭരണ / ഗ്രാമവികസന വകുപ്പ് / കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവിടങ്ങളിലേക്ക് പുനർവിന്യസിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവിലെ മറ്റ് വ്യവസ്ഥകളോടൊപ്പം ക്രമനമ്പർ (12) പ്രകാരം സെറിഫെഡിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ആശ്രിത നിയമന അപേക്ഷകൾ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്വയം ഭരണ / ഗ്രാമവികസന വകുപ്പുകളിൽ കൈകാര്യം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സെറിഫെഡിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ പുനർവിന്യസിച്ചിരുന്നതിൻ പ്രകാരം സെറിഫെഡിൽ പ്യൂൺ / ഹെൽപ്പർ തസ്തികയിൽ സേവനത്തിലിരിക്കവേ 19.02.2008 ൽ മരണമടഞ്ഞ അബ്ദുൾ അസീസ് എം-ന്റെ മകനായ ശ്രീ. ഹൈദർ അലി.എ സമാശ്വാസ

തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള അപേക്ഷ ടിയാൾക്ക് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം പഞ്ചായത്ത് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (6) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. സെറിഫെഡിൽ പ്യൂൺ/ഹെൽപ്പർ ആയിരിക്കെ ആയിരിക്കെ 19.02.2008 ൽ മരണമടഞ്ഞ അബ്ദുൾ അസീസ്. എം -ന് 12 വർഷം 01 മാസം 19 ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാളുടെ മകനും ആശ്രിതനുമായ അപേക്ഷകനായ ശ്രീ ഹൈദർ അലി. എ-യ്ക്ക് 19 വയസ്സുണ്ടെന്നും (ജനനതീയതി 12.12.2003), ടിയാൾ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ടെന്നും, 05.02.2013 ലെ സ.ഉ(പി)നം 3/2013/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ടിയാളുടെ കുടുംബ വാർഷിക വരുമാനം 6,29,160/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും പരേതന്റെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ. ഹൈദർ അലി.എ-യ്ക്ക് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ശ്രീ. ഹൈദർ അലി. എ-യ്ക്ക് സമാശ്വാസ തൊഴിദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം ലിക്വിഡേറ്റ് ചെയ്യപ്പെട്ട സെറിഫെഡിലെ ജീവനക്കാരെ തദ്ദേശ സ്വയം ഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുകയും ടി ഉത്തരവിലെ ഖണ്ഡിക (12) പ്രകാരം തീർപ്പാക്കാതെ അവശേഷിക്കുന്ന ആശ്രിത നിയമന അപേക്ഷകൾ തദ്ദേശ സ്വയം ഭരണ വകുപ്പ മുഖേനയും C R D മുഖേനയും നടപടി സ്വീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതുമായ സാഹചര്യത്തിൽ, ലിക്വിഡേഷന് മുമ്പേ സെറിഫെഡിൽ പ്യൂൺ / ഹെൽപ്പർ തസ്തികയിൽ സേവനത്തിലിരിക്കവേ മരണപ്പെട്ട അബ്ദുൾ അസീസ്.എം- യുടെ മകനായ ശ്രീ ഹൈദർ അലി.എ-യ്ക്ക് (സജീന മൻസിൽ, ARA 74 B, TC 68/1491/3, near ആര്യൻകുഴി അമ്പലം, കമലേശ്വരം) പരാമർശം (1), (2), (3)- ലെയും നിലവിലുള്ള മറ്റ് സർക്കാർ ഉത്തരവുകളിലേയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ചുവടെപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് പഞ്ചായത്ത് വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.

2. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.

3. സാധുവായ അപേക്ഷ തീയതിയെ അടിസ്ഥാനമാക്കി അപേക്ഷകന്റെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.

4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ

ചെയ്താണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദു ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ഹൈദർ അലി എ., സജീന മൻസിൽ, ARA 74 B, TC 68/1491/3, near ആര്യൻകുഴി അമ്പലം കമലേശ്വരം (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (05.09.2022 ലെ റൂൾസ് 3/139/2022/P&ARD)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. 139/ഇപിഎ3/2022/തസ്വഭവ.)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 15-07-2023 11:06:46